2024
MAY
04
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## വൈദ്യുതി നിയന്ത്രണം ആദ്യം പാലക്കാട്ടും മലപ്പുറത്തും



**തിരുവനന്തപുരം:** സംസ്ഥാനത്ത് മേഖലകൾ തിരിച്ച് വൈദ്യുതി നിയന്ത്രണം വേണമെന്ന നിർദേശവുമായി കെഎസ്ഇബി. ഉപഭോഗം കൂടിയ മേഖലകളിൽ നിയന്ത്രണം ഏർപ്പെടുത്തണമെന്നാണ് ആവശ്യം. ഇതുപ്രകാരം പാലക്കാട് ട്രാൻസ്മിഷൻ സർക്കിളിലാണ് നിയന്ത്രണം ആദ്യം ഏർപ്പെടുത്തുക. പാലക്കാട്, മലപ്പുറം ജില്ലകളെ ഇതു ബാധിക്കും. രാത്രി ഏഴു മണിക്കും പുലർച്ചെ ഒരു മണിക്കും ഇടയിലായിരിക്കും നിയന്ത്രണം.

തത്കാലം ലോഡ് ഷെഡിങ് വേണ്ടെന്നും പ്രതിസന്ധി മറികടക്കാനുള്ള മറ്റ് വഴികൾ നിർദേശിക്കണമെന്നും കെഎസ്ഇബിയോട് സർക്കാർ ആവശ്യപ്പെട്ടിരുന്നു. തുടർന്നാണ് ഉപഭോഗം കൂടിയ മേഖലകളിൽ പീക്ക് സമയത്ത് നിയന്ത്രണം കൊണ്ടു വരണമെന്ന നിർദേശം കെഎസ്ഇബി മുന്നോട്ടു വച്ചത്.

ഏറ്റവും ഉയർന്ന തോതിൽ വൈദ്യുതി ഉപയോഗം വരുന്ന ട്രാൻസ്ഫോർമറുകളുടെ പട്ടികയുണ്ടാക്കാൻ ചീഫ് എൻജിനീയർമാരെ കെഎസ്ഇബി ചുമതലപ്പെടുത്തിയിരുന്നു. ഇതനുസരിച്ചാണ് പാലക്കാട് സർക്കിൾ ആദ്യ സ്ഥാനത്തു വന്നത്.

വൈദ്യുതി മന്ത്രിക്കു കൈമാറുന്ന പട്ടികയുടെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുമായി വൈദ്യുതി മന്ത്രി ചർച്ച നടത്തിയാകും മേഖല തിരിച്ചുള്ള നിയന്ത്രണമെന്ന ആവശ്യത്തിൽ അന്തിമ തീരുമാനമാകുക.

ഉയർന്ന ഉപഭോഗം സൃഷ്ടിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ നിയന്ത്രണം കൂടിയേ തീരുവെന്ന് ആവർത്തിക്കുകയാണ് കെഎസ്ഇബി. വിതരണം ചെയ്യാൻ വൈദ്യുതി ലഭ്യമാണെന്നും എന്നാൽ വിതരണം ചെയ്യുന്ന ലൈനുകളുടെ ശേഷിക്ക് അപ്പുറത്തേക്ക് ലോഡ് ഉയരുന്നതാണ് പ്രതിസന്ധിയെന്നും ബോർഡ് വിശദീകരിക്കുന്നു.

## വീണ്ടും 'കള്ളക്കടൽ'; കേരള തീരത്ത് അതീവ ജാഗ്രത, റെഡ് അലർട്ട്

**തിരുവനന്തപുരം:** കള്ളക്കടൽ പ്രതിഭാസത്തിൻറെ പശ്ചാത്തലത്തിൽ കേരളാ തീരത്ത് റെഡ് അലർട്ട് പ്രഖ്യാപിച്ചു. അതീവ ജാഗ്രത വേണമെന്നാണ് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചിട്ടുള്ളത്.



കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി കേരള തീരത്തും, തെക്കൻ തമിഴ്നാട് തീരത്തും, തീരപ്രദേശത്തിൻറെ താഴ്ന്ന പ്രദേശങ്ങളിലും ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യതയുണ്ടെന്നും, ആയതിനാൽ കേരള തീരത്തും, തെക്കൻ തമിഴ്നാട് തീരത്തും ശനിയാഴ്ച രാവിലെ 02.30 മുതൽ ഞായറാഴ്ച രാത്രി 11.30 വരെ 0.5 മുതൽ 1.5 മീറ്റർ വരെ ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യതയുണ്ടെന്നും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായി ഒഴിവാക്കണമെന്നും തീരത്ത് കിടന്ന് ഉറങ്ങരുതെന്നും മുന്നറിയിപ്പുണ്ട്.

മത്സ്യബന്ധന യാനങ്ങൾ സുരക്ഷിതമായി സൂക്ഷിക്കണമെന്നും അറിയിപ്പിൽ പറയുന്നു.

## ഇറാൻ പിടിച്ചെടുത്ത കപ്പലിലെ എല്ലാവരെയും വിട്ടയച്ചു

**ന്യൂഡൽഹി:** പിടിച്ചെടുത്ത കപ്പലിലെ മലയാളികൾ അടക്കം എല്ലാവരെയും വിട്ടയച്ചെന്ന് ഇറാൻ വിദേശകാര്യ മന്ത്രാലയം. മാനുഷിക പരിഗണന കണക്കിലെടുത്താണ് എല്ലാവരെയും മോചിപ്പിക്കാനുള്ള തീരുമാനമെന്നും ഇറാൻ അധികൃതർ പറഞ്ഞു.17 ഇന്ത്യക്കാർ അടക്കം 24 പേരാണ് കപ്പലിലുണ്ടായിരുന്നത്. മലയാളിയായ ആൻ ടെസയെ ജോസഫിനെ ഏപ്രിൽ 18ന് മോചിപ്പിച്ചിരുന്നു. മാനന്തവാടി സ്വദേശി പി.വി. ധനേഷ്, കോഴിക്കോട് മാവൂർ സ്വദേശി ശ്യാം നാഥ്, പാലക്കാട് കേരളശേരി സ്വദേശി എസ്.സുമേഷ് എന്നിവരാണ് കപ്പലിൽ ഉണ്ടായിരുന്ന മറ്റ് മലയാളികൾ.

കപ്പലിലുണ്ടായിരുന്ന എല്ലാവരെയും മോചിപ്പിച്ചെന്നും ക്യാപ്റ്റൻറെ തീരുമാന പ്രകാരം ഇവർക്ക് സ്വന്തം രാജ്യത്തിലേക്ക് മടങ്ങാമെന്നും ഇറാൻ വിദേശകാര്യ മന്ത്രി അമീർ അബ്ദുള്ളാഹി അറിയിച്ചു.

ഏപ്രിൽ 13നാണ് ഹോർമുസ് കടലിടുക്കിനു സമീപത്തു വച്ച് ഇസ്രയേൽ ബന്ധമുള്ള ചരക്കുകപ്പൽ ഇറാൻ പിടിച്ചെടുത്തത്.

## മൊബൈൽ കോളുകളുടെ നിരക്കു വർധിക്കും; താരിഫ് വർധിപ്പിക്കാൻ ഒരുങ്ങി ടെലികോം കമ്പനികൾ

**കൊച്ചി:** മൊബൈൽ കോളുകളുടെ നിരക്ക് വർധിപ്പിക്കാൻ രാജ്യത്തെ മുൻനിര ടെലികോം കമ്പനികൾ ഒരുങ്ങുന്നു. ജൂൺ നാലിന് പൊതു തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നതിന് ശേഷം നിരക്കുകൾ 25 ശതമാനം ഉയർത്താനാണ് മുൻനിര മൊബൈൽ സേവനദാതാക്കളായ റിലയൻസ് ജിയോ, ഭാരതി എയർടെൽ, വോഡഫോൺ ഐഡിയ(വി) തുടങ്ങിയ കമ്പനികൾ ധാരണയിലെത്തിയിരിക്കുന്നത്. സ്പെക്ട്രം ലേലത്തിൽ കമ്പനികൾക്ക് മേൽ അധിക ഫീ ബാധ്യത കൂടി വരുന്നതിനാൽ നിലവിലുള്ള നിരക്കുകൾ ഉയർത്താതെ മാർഗമില്ലെന്ന് ടെലികോം കമ്പനികൾ പറയുന്നു. ലോകത്തിലെ മറ്റ് പ്രമുഖ വിപണികളുമായി താരതമ്യം ചെയ്യുമ്പോൾ ഒരു ഉപയോക്താവിൽ നിന്നുള്ള പ്രതിയോഹരി വരുമാനം(എആർപിയു) ഏറ്റവും കുറവ് ഇന്ത്യയിലാണ്. താരിഫ് വർധിപ്പിച്ചില്ലെങ്കിൽ ടെലികോം കമ്പനികളുടെ പ്രവർത്തനം പ്രതിസന്ധിയിലാകുമെന്നും അവർ പറയുന്നു.



ഇൻറർനെറ്റ് ഉപയോഗം തുടർച്ചയായി കൂടുന്നതിനാൽ താരിഫ് കൂട്ടിയില്ലെങ്കിൽ പോലും ടെലികോം നിരക്കുകൾ പത്ത് മുതൽ 15 ശതമാനം വരെ ഉയരാനിടയുണ്ട്. പ്രതിയോഹരി വരുമാനം 300 രൂപയിലധികമാകാതെ ഇന്ത്യയിലെ ടെലികോം സേവനങ്ങൾ ലാഭകരമാകില്ലെന്ന് അനലിസ്റ്റുകൾ പറയുന്നു.

രാജ്യം ഡിജിറ്റൽവത്കരണം വേഗത്തിലാക്കുമ്പോഴും അഞ്ചാം തലമുറ(5ജി) സേവനങ്ങൾ വ്യാപകമാക്കുന്നതിൽ മുൻനിര ടെലികോം കമ്പനികൾ മെല്ലെപ്പോക്ക് നയമാണ് സ്വീകരിക്കുന്നത്. 5ജി സേവനങ്ങൾ ലഭ്യമാക്കാൻ അധിക നിക്ഷേപം ആവശ്യമാണെങ്കിലും വരുമാനം കാര്യമായി കൂടാത്തതാണ് മുൻനിര ടെലികോം കമ്പനികൾക്ക് വലിയ വെല്ലുവിളി സൃഷ്ടിക്കുന്നത്. ജിയോയും എയർടെല്ലും 5ജി വ്യാപകമാക്കുന്നുവെന്ന് അവകാശപ്പെടുമ്പോഴും ഇക്കാര്യത്തിൽ വലിയ ആവേശം ദൃശ്യമല്ല.

അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഏറ്റവും ഉയർന്ന മൂലധന നിക്ഷേപം ആവശ്യമുള്ള ടെലികോം വിപണിയിൽ നിന്ന് കൂടുതൽ പണം ഊറ്റിയെടുക്കാൻ സ്പെക്ട്രം ലേലത്തുകയ്ക്കൊപ്പം അധിക ഫീ കൂടി ഈടാക്കുന്നതിനാൽ കമ്പനികൾ വലിയ ബാധ്യതയാണ് നേരിടുന്നത്.

നിലവിൽ ഭാരതി എയർടെല്ലിനാണ് ഉപയോക്താക്കളിൽ നിന്നും പ്രതിമാസം ഏറ്റവും ഉയർന്ന വരുമാനം ലഭിക്കുന്നത്. എയർടെല്ലിന് 208 രൂപയും റിലയൻസ് ജിയോയ്ക്ക് 182 രൂപയും വൊഡഫോൺ ഐഡിയയ്ക്ക് 160 രൂപയുമാണ് ലഭിക്കുന്നത്.



# മികച്ച സാമൂഹിക പ്രവർത്തകനുള്ള പുരസ്കാരം ടി.ആർ ദേവന്



**കൊച്ചി:** ഇന്റർനാഷണൽ ഫൗണ്ടേഷൻ ഫോർ സോഷ്യൽ എംപവർമെന്റ് (ഐഎഫ്എസ്ഇ) ന്റെ ഏറ്റവും മികച്ച സാമൂഹിക പ്രവർത്തകനുള്ള അവാർഡ് ഫേസ് ഫൗണ്ടേഷൻ മാനേജിംഗ് ട്രസ്റ്റി ടി.ആർ ദേവന്. സാമൂഹിക മേഖലയിൽ നടത്തിയ ഇടപെടലുകളും തെരുവോരങ്ങളിൽ അന്തിയുറങ്ങുന്നവർക്കായുള്ള ക്ഷേമ പ്രവർത്തനങ്ങളും പരിഗണിച്ചാണ് അവാർഡ് നൽകുന്നതെന്ന് ഐഎഫ്എസ്ഇ പ്രസിഡന്റ് കെ. ഗണേശൻ പറഞ്ഞു. മെയ് 12 ന് തൃശൂരിൽ നടക്കുന്ന ചടങ്ങിൽ അവാർഡ് സമ്മാനിക്കും. ആഗോള താപനം, കാർബൺ ന്യൂട്രാലിറ്റി, മാലിന്യ സംസ്കരണം, സാമൂഹിക ശാക്തീകരണം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന ഐഎഫ്എസ്ഇയുടെ മൂന്നാം വാർഷികത്തോടനുബന്ധിച്ചാണ് പുരസ്കാരം പ്രഖ്യാപിച്ചത്.

# കരോൾ ഫുർട്ടാഡോ ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ



**കൊച്ചി:** ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി മിസ് കരോൾ ഫുർട്ടാഡോയെ നിയമിച്ചു. മെയ് ഒന്ന് മുതൽ മൂന്നു വർഷത്തേക്കാണ് നിയമനം. നിയമനത്തിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചു. അടുത്ത് നടക്കുന്ന ബാങ്കിന്റെ എട്ടാം വാർഷിക ജനറൽ മീറ്റിങ്ങിൽ മിസ് കരോൾ ഫുർട്ടാഡോയും ബാങ്കും ഓഹരി ഉടമകളുടെ അനുമതി തേടും.ബാങ്കിന്റെ ആരംഭകാലം മുതൽ ഉള്ള ശ്രീമതി ഫുർട്ടാഡോ ചീഫ് ഹ്യൂമൻ റിസോഴ്സ് ഓഫീസർ, ഓപ്പറേഷൻസ് ആൻഡ് സർവീസ് ക്വാളിറ്റി ഹെഡ്, ചീഫ് ബിസിനസ് ഓഫീസർ തുടങ്ങി വിവിധ പ്രധാന സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.




# ലോക മാധ്യമ സ്വാതന്ത്ര്യ ദിനം ആചരിച്ചു

**കോലഞ്ചേരി :** കേരള ജേർണലിസ്റ്റ് യൂണിയന്റെ നേതൃത്വത്തിൽ ലോക മാധ്യമ സ്വാതന്ത്ര്യ ദിനാചരണം നടത്തി. ഇന്നലെ കോലഞ്ചേരി ടൗണിൽ നടന്ന യോഗം മുതിർന്ന മാധ്യമ പ്രവർത്തകൻ എം.റ്റി ജോയി ഉദ്ഘാടനം ചെയ്തു.

കേരള ജേർണലിസ്റ്റ് യൂണിയൻ ജില്ലാ ട്രഷറർ സജോ സക്കറിയ ആൻഡ്രൂസ് അദ്ധ്യക്ഷത വഹിച്ചു.ജീവൻ നഷ്ടപ്പെട്ട മാധ്യമപ്രവർത്തകരേയും നിരവധി വെല്ലുവിളികൾക്കിടയിൽ മാധ്യമ പ്രവർത്തനം നടത്തുന്ന മാധ്യമ പ്രവർത്തകരെയും യോഗത്തിൽ അനുസ്മരിച്ചു.സജി പുന്നയ്ക്കൽ, ജോളി കെ.പോൾ, എൻ.പി. വർഗീസ് കുട്ടി, പോൾ വർഗീസ്, ടി.ടി. പൗലോസ്, ജെയ്സൽ കുര്യാക്കോസ് തുടങ്ങിയർ ചടങ്ങിൽ പങ്കെടുത്തു.

# സുരക്ഷിത ബാങ്കിംഗ്; ശിൽപശാലകൾ നടത്തി

**കൊച്ചി :** ഡിജിറ്റൽ ബാങ്കിംഗ് അ വബോധ ഡ്രൈവിന്റെ ഭാഗമായി എച്ച്ഡിഎഫ്സി ബാങ്ക് ഇന്ത്യയിൽ സു രക്ഷിത ബാങ്കിംഗ് ശിൽപശാലകൾ നടത്തി.

സുരക്ഷിത ഡിജിറ്റൽ ബാങ്കിംഗ് രീതികളെക്കുറിച്ച് പൗരന്മാരെ ബോധവത്കരിക്കുന്നതിനായി ബാങ്ക് 16,600 വർക്ക് ഷോപ്പുകൾ സംഘടിപ്പിച്ചു

# രാജസ്ഥാൻ സിൽക്ക് സാരി വാഗ്ദാനം നൽകി കബളിപ്പിച്ചു; ഉപഭോക്താവിന് നഷ്ടപരിഹാരം നൽകണം

**കൊച്ചി:** ഗുണനിലവാരമുള്ള രാജസ്ഥാൻ സാരി നൽകാമെന്ന് വാഗ്ദാനം നൽകി ഉപഭോക്താവിനെ കബളിപ്പിച്ച വ്യാപാരി നഷ്ടപരിഹാരം നൽകണമെന്ന് എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കോടതി. രാജസ്ഥാനിലെ ജയ്സാൽമർ രാജകുമാരന്റെയും ബികാനർ രാജകുമാരിയുടെയും പ്രണയകഥ ആലേഖനം ചെയ്ത സാരിയാണ് പരാതിക്കാരി ഓർഡർ നൽകിയത്. എന്നാൽ ലഭിച്ചത് ഗുണമേന്മ കുറഞ്ഞതും പഴയതും പൊടി പിടിച്ചതുമായ മറ്റൊരു ഡിസൈനുള്ള സാരിയാണ്. ഉൽപ്പന്നം മാറ്റി നൽകാൻ പലതവണ വ്യാപാരിയെ സമീപിച്ചെങ്കിലും ഒഴിഞ്ഞു മാറുകയാണ് ഉണ്ടായത്. കബളിപ്പിക്കപ്പെട്ടു എന്ന് ബോധ്യപ്പെട്ട സാഹചര്യത്തിലാണ് എറണാകുളം കലൂർ സ്വദേശിനിയായ റിനു അശ്വിൻ എന്ന ഉപഭോക്താവ് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കോടതിയെ സമീപിച്ചത്.വ്യാപാരിയുടെ നടപടി സേവനത്തിലെ വീഴ്ചയും അധാർമിക വ്യാപാര രീതിയും ആണെന്ന് കമ്മീഷൻ പ്രസിഡൻറ് ഡി ബി ബിനു, മെമ്പർമാരായ വൈക്കം രാമചന്ദ്രൻ, ടി എൻ ശ്രീവിദ്യ എന്നിവരുടെ ബെഞ്ച് കണ്ടെത്തി.സാരിയുടെ വിലയായ 6350/ രൂപ തിരികെ നൽകുന്നതിനും നഷ്ടപരിഹാരമായി 28,000/ രൂപയും 45 ദിവസത്തിനകം പരാതിക്കാർക്ക് നൽകാൻ എതിർകക്ഷികളായ സ്ഥാപനത്തിന് കോടതി ഉത്തരവ് നൽകി.പരാതിക്കാരിക്ക് വേണ്ടി അഡ്വ. ഗോപിക എച്. എച് കോടതിയിൽ ഹാജരായി.

# മൺസൂൺ ഗ്രാൻഡ് പ്രി ഓട്ട മത്സരങ്ങൾ മെയ് 5 ന്

**കൊച്ചി:**പിബി ചലഞ്ചേഴ്സ് ന്റെ നേതൃത്വത്തിൽ ,സോൾസ് ഓഫ് കൊല്ലം , റോയൽ റണ്ണേഴ്സ് കാലിക്കറ്റ് എന്നീ ക്ലബ് കളുടെ സഹകരണത്തോടെ ഓൾ കേരള അടിസ്ഥാനത്തിൽ നടന്നുവരുന്ന മൺസൂൺ ഗ്രാൻഡ് പ്രി ഓട്ട മത്സരങ്ങൾ മെയ് മാസം 5 ന് കാക്കനാട് വച്ചു നടക്കുന്ന 15 കിലോമീറ്റർ മെഗാ ഫൈനൽ മത്സരത്തോടെ സമാപനം കുറിക്കും. പങ്കെടുത്ത 250 പേരിൽ 190 പേർ 5സാ ,10സാ എന്നീ ഇനങ്ങൾ പൂർത്തിയാക്കി ഫൈനലിൽ ഓടാൻ യോഗ്യത നേടി. കൊച്ചിയെ കൂടാതെ കൊല്ലവും കോഴിക്കോടും ആണ് മറ്റു വേദികൾ . വിജയികൾക്കായി ഒരു ലക്ഷം രൂപയുടെ ക്യാഷ് അവാർഡ് ഉണ്ട്. പുരുഷ, സ്ത്രീ വിഭാഗങ്ങളിൽ ഓവറോൾ ചാമ്പ്യന് 8000 രൂപയും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക് യഥാക്രമം 5000 രൂപയും,3000 രൂപയും ലഭിക്കും. . ഇത് കൂടാതെ ഓപ്പൺ , സീനിയർ , വെറ്ററൻ , സീനിയർ വെറ്ററൻ എന്നീ വിഭാഗങ്ങളിൽ ആയി പുരുഷൻ മാർക്കും സ്ത്രീകൾക്കും വെവ്വേറെ ക്യാഷ് അവാർഡും ട്രോഫിയും സമ്മാനം ലഭിക്കും .

കേരളത്തിലെ ഏറ്റവും കടുപ്പമേറിയ കാക്കനാട് റോളിങ്ങ് ഹിൽ മാരത്തോൺ , കുട്ടികൾക്കായുള്ള ഡാഷിങ് ജൂനിയർസ് റൺ , സമയം പ്രവചിച്ചു ഓടുന്ന പ്രേഡിക്ടർ റേസ് എന്നിവയാണ് മറ്റു ഇവെന്റുകൾ .ം

മയ് 5 നു രാവിലെ കാക്കനാട് ഇന്ഫോപാര്ക് എക്സ്പ്രസ്സ് വേയിൽ നിന്നു തുടങ്ങുന്ന 15സാ ഫൈനൽ മത്സരം കൊച്ചി സിറ്റി ഡെപ്യൂട്ടി കമ്മിഷണർ ഓഫ് പോലീസ് കെ എസ് സുദർശൻ ഫ് ളാഗ് ഓഫ് ചെയ്യും .

തൃക്കാക്കര മുനിസിപ്പൽ ചെയർ പേഴ്സൺ രാധാമണി പിള്ള മുഖ്യ അതിഥി ആയിരിക്കും . കൗൺസിലർ മാരായ അബ്ദു ഷാന , എം ഒ വർഗീസ് , നൗഷാദ് പല്ലച്ചി എന്നിവർ പങ്കെടുക്കും



# വൈക്കോൽ എടുക്കാൻ ആളില്ല; കർഷകർ ദുരിതത്തിൽ

പുന്നയൂർക്കുളം: ഉപ്പുങ്ങൽ കോൾപാടത്ത് വൈക്കോൽ കെട്ടിക്കിടക്കുന്നു. എടുക്കാനാളില്ലാതെ നാലായിരത്തിലധികം വൈക്കോൽ കെട്ടുകളാണ് പാടത്തും കർഷകരുടെ വീട്ടുമുറ്റത്തും നിറഞ്ഞുകിടക്കുന്നത്.

മഴ പെയ്താൽ വൈക്കോൽ മുഴുവൻ ചീഞ്ഞുനാശമാകും. പിന്നീട് വിൽക്കാൻ കഴിയില്ല. ഒട്ടേറെ കർഷകരുടെ വൈക്കോലാണ് എടുക്കാൻ ആളില്ലാത്ത കിടക്കുന്നത്. കൊയ്ത്തിനുശേഷം സർക്കാരിൽനിന്നു നെല്ലിൻറെ തുക ലഭിക്കാൻ കാത്തിരിക്കുന്നവർക്കു ചെറിയൊരു ആശ്വാസമായിരുന്നു വൈക്കോൽ കച്ചവടം. വൈക്കോലിന് ഇക്കുറി ആവശ്യക്കാർ കുറഞ്ഞത് കർഷകർക്ക് തിരിച്ചടിയായി. വൈക്കോൽ കൊണ്ടുപോയിരുന്ന ക്ഷീരകർഷകർ മേഖലയിൽനിന്നു അകന്നതാണ് പ്രതിസന്ധി രൂക്ഷമാക്കിയതെന്ന് മാവിൻചുവട് സ്വദേശി വെട്ടിക്കാട്ട് കുഞ്ഞൻ പറയുന്നു. കൊയ്ത്തുകഴിഞ്ഞ പാടത്ത് യന്ത്രം ഉപയോഗിച്ച് വൈക്കോൽ കെട്ടുകളാക്കുന്നതിനു കെട്ടൊന്നിനു 30 രൂപ നൽകണം.

ഇതിനുപുറമേ കയറ്റിറക്കുകൂലി, വാഹന വാടക എന്നിയിനത്തിൽ ചെലവുകൾ വേറെയും. ഭാരിച്ച ചെലവുകൾ സഹിച്ചു വൈക്കോൽ കെട്ടുകൾ വീടുകളിൽ ശേഖരിച്ച കർഷകരാണ് ഏറെ ദുരിതത്തിലായത്.വൈക്കോൽ എടുക്കാൻ ആളില്ലാതെയായതോടെ കൊയ്ത്തു നടത്തിയ കർഷകർ വൈക്കോൽ കെട്ടുകളാക്കുന്നതിൽനിന്ന് പിൻവലിഞ്ഞിട്ടുണ്ട്.

# മഴക്കാലപൂർവ്വ ശുചീകരണം: അവലോകന യോഗം ചേർന്നു

**കൊച്ചി:** മഴക്കാലത്ത് നഗരത്തിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ആരംഭിച്ചിരിക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി അവലോകന യോഗം ചേർന്നു. ചെറുതും വലുതുമായ കാനകളിലെയും തോടുകളിലെയും മാലിന്യങ്ങളും, ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ പകുതിയിലേറെ പൂർത്തിയായി കഴിഞ്ഞു. കാനകൾ വൃത്തിയാക്കുന്ന പ്രവൃത്തികൾ മെയ് 10 നുള്ളിലും, വലിയ തോടുകളിലെ പായലും, ചെളിയും നീക്കം ചെയ്യുന്ന ജോലികൾ മെയ് 20 നുള്ളിലും മുഴുവനായും പൂർത്തീകരിക്കും.വെള്ളക്കെട്ട് രൂക്ഷമായനുഭവപ്പെടുന്ന എം.ജി റോഡിലെ കാനകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പിൽ നിന്ന് ഇതുവരെ അനുമതി ലഭ്യമായിട്ടില്ല. ഇത് അടിയന്തിരമായി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനാവശ്യപ്പെട്ട്, കെ.എം.ആർ.എൽ എം.ഡി ക്ക് കത്ത് നൽകുന്നതാണെന്ന് മേയർ പറഞ്ഞു.മുല്ലശ്ശേരി കനാൽ, കമ്മട്ടിപ്പാടം എന്നിവിടങ്ങളിലെ തടസ്സം ഒഴിവാക്കി വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി, നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുന്നതിന് ഇറിഗേഷൻ വകുപ്പിന് കത്ത് നൽകും.ജില്ലാ കളക്ടർ, പോലീസ് കമ്മീഷണർ എന്നിവരെ കൂടി ഉൾപ്പെടുത്തി ഒരു യോഗം ഉടനെ വിളിച്ചു ചേർക്കുന്നതാണ്. ഇതിനു ശേഷം എല്ലാ വകുപ്പുകളിലെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഓപ്പറേഷൻ ബ്രേക്ക് ത്രൂ പ്രവർത്തനങ്ങളുടെ അവലോകനം നടത്തും.

മഴക്കാലത്ത് പൊതുമരാമത്ത്, ആരോഗ്യ വിഭാഗത്തിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജോയിൻറ് ഇൻസ്പെക്ഷൻ ടീം രൂപീകരിക്കുകയും, കൺട്രോൾ റൂമുകൾ സ്ഥാപിക്കുകയും ചെയ്യും.റെയിൽവെ നടത്തേണ്ട ജോലികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതിന് കത്ത് നൽകും.അവലോകന യോഗത്തിൽ നഗരസഭാ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, സൂപ്രണ്ടിംഗ് എഞ്ചിനീയർ തുടങ്ങി എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു.



# ഫാമിലി ഇലക്ട്രിക് സ്കൂട്ടർ അവതരിപ്പിച്ച് ഗ്രീവ്സ്

**കൊച്ചി:** ഗ്രീവ്സ് കോട്ടൺ ലിമിറ്റഡിന്റെ ഇലക്ട്രിക് വാഹന വിഭാഗമായ ഗ്രീവ്സ് ഇലക്ട്രിക് മൊബിലിറ്റി പ്രൈവറ്റ് ലിമിറ്റഡ് (ജിഇഎംപിഎൽ) രാജ്യത്തെ ആദ്യ ഉയർന്ന പ്രകടനമുള്ള ഫാമിലി ഇലക്ട്രിക് സ്കൂട്ടർ ആംപിയർ നെക്സസ് 1,09,900 രൂപ തുടക്ക നിരക്കിൽ (എക്സ് ഷോറൂം) അവതരിപ്പിച്ചു. ആംപിയർ നെക്സസ് പൂർണമായും ഇന്ത്യയിൽ രൂപകൽപ്പന ചെയ്ത് വികസിപ്പിച്ച് നിർമ്മിച്ചിരിക്കുന്നതാണ്. സൻസ്കാർ അക്വ, ഇന്ത്യൻ റെഡ്ഢ്, ലൂണാർ വൈറ്റ്, സ്റ്റീൽ ഗ്രേ എന്നിങ്ങനെ നാല് ആകർഷകമായ നിറങ്ങളിൽ ആംപിയർ നെക്സസ് ലഭ്യമാണെന്ന് ഗ്രീവ്സ് ഇലക്ട്രിക് മൊബിലിറ്റി പ്രൈവറ്റ് ലിമിറ്റഡിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറും സി ഇ ഒയുമായ കെ വിജയകുമാർ പറഞ്ഞു.രണ്ട് വേരിയന്റുകളിലായി (നെക്സസ് ഇ എക്സ്, നെക്സസ് എസ് ടി) ആംപിയർ നെക്സസ് ഓൺലൈനിൽ ഇന്നുമുതൽ ബുക്ക് ചെയ്യാൻ കഴിയും. ഇന്ത്യയിൽ ഉടനീളമുള്ള 400ലധികം ഡീലർഷിപ്പുകളും ടച്ച് പോയന്റുകളും വഴി 2024 മെയ് രണ്ടാം പകുതിയിൽ ടെസ്റ്റ് റൈഡുകളും ഡെലിവറിയും ലഭ്യമാകും.

# ടി വി സന്തോഷിന്റെ ചിത്ര പ്രദർശനം ആരംഭിച്ചു

കൊച്ചി: കലയോടുള്ള വിശാലമായ സമീപനം കൊണ്ടാകാം തന്റെ രചനകളിൽ കേരളവുമായി ബന്ധപ്പെട്ട ഘടകങ്ങൾ കടന്നുവരാത്തതെന്ന് പ്രശസ്ത മലയാളി കലാകാരൻ ടി വി സന്തോഷ്.കേരള ലളിതകലാ അക്കാദമിയുടെ ദർബാർ ഹാൾ കലാ കേന്ദ്രത്തിൽ നടക്കുന്ന 'ഹിസ്റ്ററി ലാബ് ആൻഡ് ദി എലജി ഓഫ് വിസെറൽ ഇൻകാന്റേഷൻസ് ' എന്ന പ്രദർശനത്തിന്റെ ഭാഗമായി കലാ നിരൂപകൻ സി എസ് വെങ്കിടേശ്വരനുമായി സംവദിക്കുകയായിരുന്നു മുംബൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സന്തോഷ്.കേരളത്തെ പ്രതിപാദിക്കുന്ന രൂപകങ്ങളോ ചിഹ്നങ്ങളോ പോലുള്ള ഘടകങ്ങൾ എന്റെ കൃതികളിൽ വന്നിട്ടില്ല. മുംബൈയുടെ കാര്യവും അങ്ങനെ തന്നെ. ഞാൻ അന്വേഷിക്കുന്ന പ്രശ്നങ്ങളാണ് എന്റെ സൃഷ്ടികളിലേക്ക് കൊണ്ടുവരാൻ ഞാൻ ശ്രമിക്കുന്നത്. പാരമ്പര്യത്തിലേക്ക് നോക്കുക, അല്ലെങ്കിൽ പാരമ്പര്യത്തെ പുനർനിർവചിക്കുക എന്നത് ഒരു സുപ്രധാന വിപ്ലവ പ്രക്രിയയായിരുന്നു. ഇന്ന് അങ്ങനെയല്ല. വ്യക്തിപരമോ, പ്രാദേശികമോ ദേശീയമോ ആയ വീക്ഷണകോണുകളേക്കാൾ വിശാലമായ സമീപനത്തിൽ നിന്നാണ് എന്റെ സൃഷ്ടികൾ രൂപം കൊണ്ടിട്ടുള്ളതെന്ന് സന്തോഷ് പറഞ്ഞു.എൻ എസ് മാധവൻ പ്രദർശനം ഉദ്ഘാടനം ചെയ്തു. 'അതിലോലവും സൂക്ഷ്മവുമായ വരകളിലൂടെ അർത്ഥങ്ങളുടെ പല വിതാനങ്ങളും പിടിച്ചെടുക്കുന്ന സന്തോഷിന്റെ പെയിന്റിങ്ങുകൾ എത്ര കണ്ടാലും മതിവരാത്തതാണെന്ന് മാധവൻ പറഞ്ഞു. ദർബാർ ഹാളിലെ രണ്ട് ഗാലറിയിലായി വുഡ്, ഓയിൽ, വാട്ടർകളർ എന്നീ വിവിധ മാധ്യമങ്ങളിൽ മുപ്പതോളം ചിത്രങ്ങളും ശിൽപ്പങ്ങളും അവതരിപ്പിക്കുന്ന പ്രദർശനം തൃശൂർ കയ്പമംഗലം സ്വദേശിയായ സന്തോഷിന്റെ കേരളത്തിലെ ആദ്യ സോളോ പ്രദർശനമാണ്.വെനീസ്, പ്രാഗ്, വാൻകൂവർ, മോസ്കോ, കൊളംബോ, ഹവാന, കൊച്ചി ബിനാലെകളിലും സന്തോഷിൻറെ കലാസൃഷ്ടികൾ പ്രദർശിപ്പിച്ചിട്ടുണ്ട്.



# ഹോണ്ട ഇന്ത്യ ഏപ്രിലിൽ 5,41,946 ഇരുചക്രവാഹനം വിറ്റു

**കൊച്ചി:** 2024, 25 സാമ്പത്തിക വർഷത്തിന് മികച്ച വിൽപന നേട്ടത്തോടെ തുടക്കമിട്ട് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ). 2024 ഏപ്രിലിൽ 5,41,946 ഇരുചക്ര വാഹനങ്ങളാണ് കമ്പനി വിറ്റഴിച്ചത്. 45 ശതമാനം വാർഷിക വളർച്ചയും രേഖപ്പെടുത്തി. ആകെ വിൽപനയിൽ 4,81,046 യൂണിറ്റുകൾ ആഭ്യന്തര വിപണിയിലാണ് വിറ്റഴിച്ചത്. 60,900 യൂണിറ്റുകൾ കയറ്റുമതി ചെയ്തു. കഴിഞ്ഞ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് കയറ്റുമതി 67 ശതമാനം വർധിച്ചപ്പോൾ, ആഭ്യന്തര വിൽപ്പനയിൽ 42 ശതമാനം വളർച്ച രേഖപ്പെടുത്തി.സികെഡി കയറ്റുമതിയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കമ്പനിയുടെ ഗുരുഗ്രാം മനേസറിലെ ഗ്ലോബൽ റിസോഴ്സ് ഫാക്ടറിയിൽ പുതിയ അത്യാധുനിക എഞ്ചിൻ അസംബ്ലി ലൈൻ കഴിഞ്ഞ മാസം ഉദ്ഘാടനം ചെയ്തിരുന്നു. രാജ്യത്തിന്റെ കിഴക്കൻ മേഖലയിൽ 8 ദശലക്ഷം യൂണിറ്റുകൾ വിറ്റഴിക്കുക എന്ന ശ്രദ്ധേയമായ നേട്ടവും കഴിഞ്ഞ മാസം കമ്പനി കൈവരിച്ചു.നെറ്റ്വർക്ക് വിപുലീകരണം, കൊച്ചിയിൽ ഉൾപ്പെടെ റോഡ് സുരക്ഷ ബോധവൽക്കരണ ക്യാമ്പയിനുകൾ തുടങ്ങിയവയും കഴിഞ്ഞ ഏപ്രിലിൽ സംഘടിപ്പിച്ചു.

# പുതിയ പരസ്യ ചിത്രവുമായി ഗ്രേറ്റ് വൈറ്റ് ഇലക്ട്രിക്കൽസ്

**കൊച്ചി:** പ്രമുഖ ഇന്ത്യൻ ഹോം ഇലക്ട്രിക്കൽ ബ്രാൻഡായ ഗ്രേറ്റ് വൈറ്റ് ഇലക്ട്രിക്കൽസ് തങ്ങളുടെ ഏറ്റവും പുതിയ പരസ്യ കാംപയിൻ 'ഹർ ഘർ ബനേഗ ബ്യൂട്ടിഫുൾ സൈറ്റ്' പുറത്തിറക്കി. അഭിനേതാക്കളായ ടൈഗർ ഷ്റോഫും മാളവിക മോഹനനുമാണ് ഇതിൽ അഭിനയിക്കുന്നത്. ടെലിവിഷൻ, ഡിജിറ്റൽ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ പരസ്യ ചിത്രം ഉടൻ പ്രക്ഷേപണം തുടങ്ങും.ക്യാപ്റ്റൻ ഗ്രേറ്റ്' എന്ന ഞങ്ങളുടെ ഏറ്റവും പുതിയ പരസ്യ കാമ്പെയ്നിലൂടെ എല്ലാ വീട്ടിലും സുരക്ഷയുടെയും ഗുണനിലവാരത്തിന്റെയും പ്രാധാന്യം ഊന്നിപ്പറഞ്ഞുകൊണ്ട് ഞങ്ങളുടെ ഉപഭോക്താക്കളുമായി ആഴത്തിലുള്ള തലത്തിൽ പ്രതിധ്വനിക്കുക എന്നതാണ് ഞങ്ങൾ ലക്ഷ്യമിടുന്നതെന്ന് ഗ്രേറ്റ് വൈറ്റ് ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡ് മാർക്കറ്റിംഗ് ആന്റ് ബ്രാൻഡ് കമ്മ്യൂണിക്കേഷൻസ് ജനറൽ മാനേജർ ഷൈൽജ ചോപ്ര പറഞ്ഞു.ഈ കാമ്പെയ്ൻ ഞങ്ങളുടെ ബ്രാൻഡിന്റെ മികവിനോടുള്ള പ്രതിബദ്ധത ശക്തിപ്പെടുത്തുക മാത്രമല്ല, ഞങ്ങളുടെ ഉപഭോക്താക്കളുമായി, പ്രത്യേകിച്ച് യുവജനങ്ങളുമായി ശക്തമായ ബന്ധം സ്ഥാപിക്കുകയും ചെയ്യുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നുവെന്നും ഷൈൽജ ചോപ്ര പറഞ്ഞു.






സംസ്ഥാന കായിക മന്ത്രാലയത്തിന്റെയും, സ്പോർട്സ് കൗൺസിലിന്റെയും പിന്തുണയോടെ ആർബിഎസ് കോർപ്പറേഷൻ സംഘടിപ്പിക്കുന്ന ആർബിഎസ് യൂറോപ്യൻ ഫുട്ബോൾ ക്യാംപ് കാക്കനാട് ഇൻഫോപാർക്കിലെ സൻസ്കാര സ്ക്കൂൾ ഗ്രൗണ്ടിൽ സംസ്ഥാന കായികവകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്യുന്നു. ജിമ്മി ലിഡ്ബെർഗ്, സിദ്ദീഖ്, മുഹമ്മദലി, അലജാന്ദ്രോ ഡയസ് ഡി ലാ റോസ, ഹബീബ് കോയ തുടങ്ങിയവർ സമീപം

## യൂറോപ്യൻ ഫുട്ബോൾ ക്യാംപിന് തുടക്കം

# കായിക പരിശീലന രംഗത്ത് വിദേശ പങ്കാളിത്തം പ്രോൽസാഹിപ്പിക്കും: മന്ത്രി വി.അബ്ദുറഹിമാൻ

**കൊച്ചി:**കായിക പരിശീലന രംഗത്ത് വിദേശ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുമെന്ന് സംസ്ഥാന കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ. കേരളത്തിലെ യുവ ഫുട്ബോൾ പ്രതിഭകളെ കണ്ടെത്താനും വളർത്താനും ലക്ഷ്യമിട്ട് സംസ്ഥാന കായിക മന്ത്രാലയത്തിന്റെയും, സ്പോർട്സ് കൗൺസിലിന്റെയും പിന്തുണയോടെ ആർബിഎസ് കോർപ്പറേഷൻ സംഘടിപ്പിക്കുന്ന ആർബിഎസ് യൂറോപ്യൻ ഫുട്ബോൾ ക്യാംപ് കാക്കനാട് ഇൻഫോപാർക്കിലെ സൻസ്കാര സ്ക്കൂൾ ഗ്രൗണ്ടിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കായിക മേഖലയുടെ വളർച്ചക്ക് ഇത് അനിവാര്യമാണ്.

കേരളത്തിലെ കായിക പരിശീലകർക്കും വിദേശ പരിശീലനം നൽകുമെന്നും മന്ത്രി പറഞ്ഞു. സീഷോർ ഗ്രൂപ്പ് ചെയർമാൻ മുഹമ്മദലി ചടങ്ങിൽ മുഖ്യാതിഥിയായി. സാറ്റോ ക്രെയിൻസ് വൈസ് ചെയർമാൻ സിദ്ദീഖ്, സ്പോർട്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഇന്റർനാഷണൽ കൊളാബൊറേഷൻ വിദഗ്ദ്ധരായ കാമ്യർ വാതങ്ധർ, അംജദ് അയൂബ് ഖാൻ,ആർബിഎസ് കോർപ്പറേഷൻ ചെയർമാൻ ഹബീബ് കോയ, സിഇഒ ഫൈസൽ എം ഖാലിദ് തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു. റിയൽമാഡ്രിഡ് ഫൗണ്ടേഷൻ, പിഎ ടീം, എംജിഎൽ ഇവല്യൂഷൻ, കംപ്ലീറ്റ് ട്രെയിനിംഗ്, അപ്ഗ്രിറ്റ് (സ്പെയിൻ ആന്റ് സ്വീഡൻ) തുടങ്ങി ആഗോള സോക്കർ പരിശീലന രംഗത്തെ പ്രമുഖരുമായി ചേർന്നാണ് ആർബിഎസ് കോർപ്പറേഷൻ ഒരാഴ്ചത്തെ പരിശീലന പരിപാടി ഒരുക്കിയിരിക്കുന്നത്. മുൻ റയൽ മാഡ്രിഡ് താരങ്ങളായ അലജാന്ദ്രോ ഡയസ് ഡി ലാ റോസ, മിഗ്വൽ ഗോൺസാലസ് ലാർസൺ, ഒളിമ്പിക് മെഡൽ ജേതാവ് ജിമ്മി ലിഡ്ബെർഗ് എന്നിവരാണ് മുഖ്യ പരിശീലകർ. ഇവർക്കൊപ്പം സ്പെയിനിൽ നിന്നുള്ള നാല് യുവേഫ അംഗീകൃത പരിശീലകരും കേരളത്തിൽ നിന്നുള്ള സർട്ടിഫൈഡ് പരിശീലകരും ക്യാമ്പിന് നേതൃത്വം നൽകുന്നു.വിവിധ സംസ്ഥാനങ്ങളിൽ നിന്നടക്കം 200 ഓളം കൗമാര പ്രതിഭകൾ ക്യാംപിൽ പങ്കെടുക്കുന്നുണ്ട്. കൊച്ചിയിലെ ക്യാംപ് മെയ് 5 ന് സമാപിക്കും. മലപ്പുറത്ത് മെയ് 8 ന് ആരംഭിക്കും.

# നിറ്റ്കാ കുടുംബ സംഗമവും അവാർഡ് ദാനവും

**കൊച്ചി:** കാലിക്കറ്റ് റീജിയണൽ എഞ്ചിനീയറിംഗ് കോളേജ് (എൻ ഐ ടി) പൂർവ വിദ്യാർത്ഥികളുടെ കൊച്ചി കൂട്ടായ്മ ആയ നിറ്റ്കാ കൊച്ചിൻ ചാപ്റ്ററിന്റെ കുടുംബ സംഗമവും അവാർഡ് ദാന ചടങ്ങും കാക്കനാട് റെക്കാ ക്ലബ്ബിൽ വെച്ച് നടന്നു. .വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ സിഇഒ യും ആർ ഈ സി പൂർവ വിദ്യാർത്ഥിയും ആയ ശ്രീ ശ്രീകുമാർ കെ നായർ ചടങ്ങിൽ മുഖ്യാതിഥി ആയി. എൻ ഐ ടി അധ്യാപകർ, സാങ്കേതിക വിദ്യാഭാസ മേഖലയിൽ പ്രവർത്തിക്കുന്ന ആർ ഈ സി പൂർവ വിദ്യാർത്ഥികൾ ആയ വ്യവസായ പ്രമുഖർ എന്നിവരും പങ്കെടുത്തു.ഈ വർഷം എഞ്ചിനീയറിംഗ് മേഖലയിൽ നിന്നുള്ള കേരളത്തിലെ മികച്ച ഗവേഷണ പ്രബന്ധത്തിനുള്ള പുരസ്കാരം,



എൻ ഐ ടി കാലിക്കറ്റ് വിദ്യാർഥിനി ഡോക്ടർ അഞ്ജു ജോസ് ടോമിന് കൈമാറി. പതിനായിരം രൂപയും, ഫലകവും, പ്രശസ്തി പത്രവും ഉൾപ്പെടുന്നതാണ് അവാർഡ്. കേരളത്തിലെ വിവിധ കോളേജുകളിൽ നിന്ന് ലഭിച്ച മുപ്പതോളം പ്രബന്ധങ്ങൾ വിദഗ്ധ സമിതി പരിശോധിച്ചതിൽ നിന്നാണ് വിജയിയെ തിരഞ്ഞെടുത്തത്. സിവിൽ സർവീസ്, ഗെയ്റ്റ് തുടങ്ങിയ പരീക്ഷകളിൽ ഉന്നത വിജയം നേടിയ എൻ ഐ ടി വിദ്യാർത്ഥികളെ ചടങ്ങിൽ വെച്ച് ആദരിച്ചു. കൊച്ചി മേഖലയിൽ ഉള്ള അഞ്ഞൂറിൽപരം ആർ ഈ സി / എൻ ഐ ടി പൂർവ വിദ്യാർത്ഥികൾ ഉൾപ്പെടുന്നതാണ് നിറ്റ്കാ കൊച്ചിൻ ചാപ്റ്റർ. പൂർവ വിദ്യാർത്ഥികളും അവരുടെ കുടുംബങ്ങളും പങ്കെടുത്ത ചടങ്ങിൽ വിവിധ കലാപരിപാടികളും അരങ്ങേറി . വിദ്യാഭാസ, സാങ്കേതിക മേഖലകൾക്ക് പുറമെ സാമൂഹ്യക്ഷേമ മേഖലയിലും നിറ്റ്കാ കൊച്ചിൻ ചാപ്റ്റർ വിവിധ പരിപാടികൾക്ക് മുൻകൈ എടുക്കുന്നുണ്ട്. 2024 വർഷത്തിൽ ഇത് കൂടുതൽ ഫലപ്രദമായി മുന്നോട്ട് കൊണ്ട് പോകുമെന്നും പ്രസിഡണ്ട് ഡാരിൽ ആൻഡ്രൂ, സെക്രട്ടറി സന്തോഷ് മേലേകളത്തിൽ എന്നിവർ അറിയിച്ചു.

# നിസാൻ ഏപ്രിലിൽ 3043 വാഹനങ്ങൾ വിറ്റഴിച്ചു



**കൊച്ചി:** നിസാൻ മോട്ടോർ ഇന്ത്യ ഏപ്രിലിൽ 3043 വാഹനങ്ങൾ വിറ്റഴിച്ചു. ഇതിൽ 2404 വാഹനങ്ങൾ ആഭ്യന്തര വിപണിയിൽ വിറ്റഴിച്ചപ്പോൾ 639 വാഹനങ്ങൾ വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തു. 30000 ത്തിലധികം നിസാൻ മാഗ്നൈറ്റ് കഴിഞ്ഞ വർഷം നിസാൻ മോട്ടോർ ഇന്ത്യ വിറ്റഴിച്ചിരുന്നു. തുടർച്ചയായി മൂന്നാം വർഷമാണ് നിസാൻ ഈ നേട്ടം കൈവരിച്ചത്.ഉപഭോക്താക്കളോടുള്ള ശക്തമായ പ്രതിബദ്ധതയാണ് ഞങ്ങളെ നയിക്കുന്നതെന്നും അത് സാമ്പത്തിക വർഷം നന്നായി തുടങ്ങുന്നതിന് ഞങ്ങളെ സഹായിച്ചുവെന്നും നിസാൻ മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ സൗരഭ് വത്സ പറഞ്ഞു.

# പ്രശസ്തരുടെ വീടുകളിൽ താമസിക്കാൻ എയർബിഎൻബി ഐക്കൺസ്



**കൊച്ചി :** കലാസാംസ്കാരികരംഗത്തെ പ്രശസ്തർ ആതിഥേയത്വം വഹിക്കുന്ന പ്രത്യേക വിഭാഗം അവതരിപ്പിച്ച് പ്രോപ്പർട്ടി റെന്റിങ് സേവനദാതാക്കളായ എയർബിഎൻബി. സംഗീതം, സിനിമ, ടെലിവിഷൻ, കല, കായികം തുടങ്ങിയ രംഗങ്ങളിലെ പ്രശസ്തരുടെ താമസസ്ഥലങ്ങൾ അതിഥികൾക്കായി നൽകുന്ന സേവനം എയർബിഎൻബി ഐക്കൺസ് എന്ന പേരിലാണ് തുടങ്ങിയിരിക്കുന്നത്.ചിന്തിക്കാനാകാത്ത മാന്ത്രികമായ ജീവിതാനുഭവങ്ങളാണ് "ഐക്കൺ" മുന്നോട്ട് വെയ്ക്കുന്നതെന്ന് എയർബിഎൻബി ഇന്ത്യ, സൗത്ത്ഈസ്റ്റ് ഏഷ്യ, ഹോങ്കോങ് ആൻഡ് തായ്വാൻ ജനറൽ മാനേജർ അമൻപ്രീത് ബജാജ് പറഞ്ഞു. ഉദ്ഘാടനത്തിന്റെ ഭാഗമായി സിനിമാതാരം ജാൻവി കപൂറിന്റെ ചെന്നൈയിലുള്ള വസതിയിൽ താമസിക്കാനുള്ള അവസരമൊരുക്കിയിട്ടുണ്ട്. പ്രചാരണപരിപാടിയുടെ ഭാഗമായി രണ്ടുപേരടങ്ങുന്ന രണ്ട് അതിഥിസംഘത്തെ നടി ജാൻവി കപൂർ നേരിട്ട് സ്വീകരിക്കും. എയർബിഎൻബിയുടെ വെബ്സൈറ്റിൽ മെയ് 12ന് വൈകുന്നേരം 6:30 ന് ബുക്കിങ് തുടങ്ങും.വെബ്സൈറ്റിൽ ഓരോ ഐക്കണിന്റെയും ബുക്കിങ് തുടങ്ങുന്ന സമയം സൂചിപ്പിക്കുന്ന കൗണ്ട്ഡൗൺ നൽകിയിട്ടുണ്ട്. മൊബൈൽ ആപ്പിലൂടെയും അതിഥികൾക്ക് ബുക്ക് ചെയ്യാവുന്നതാണ്. തെരഞ്ഞെടുക്കുന്ന ഭാഗ്യശാലികൾക്ക് പ്രത്യേക ഡിജിറ്റൽ ഗോൾഡൻ ടിക്കറ്റും ലഭിക്കും. കൂടുതൽ വിവരങ്ങൾക്കായി എയർബിഎൻബിയുടെ വെബ്സൈറ്റ് സന്ദർശിക്കുക.

# പരിഷ്കരിച്ച ഇസുസു വിക്രോസ് സി പ്രസ്റ്റീജ് വിപണിയിൽ

**കൊച്ചി:** ഇസുസു പേഴ്സണൽ പാസഞ്ചർ പിക്കപ്പുകളുടെ പരിഷ്കരിച്ച ശ്രേണി പുറത്തിറക്കി. ഇതിന്റെ ഭാഗമായി വിക്രോസ് സി പ്രസ്റ്റീജ് മോഡൽ കൂടുതൽ ഫീച്ചറുകളുമായി വിപണിയിലെത്തി. സ്പോർട്ടി ലുക്കാണ് പുതിയ വിക്രോസിന് നൽകിയിരിക്കുന്നത്. ഫ്രണ്ട് ബമ്പർ ഗാർഡ്, ഫ്രണ്ട് ഫോഗ് ലാംപ് ഗാർണിഷ്, ഫ്രണ്ട് ഗ്രിൽ, എൻജിൻ ഹുഡ് ഗാർണിഷ്, റൂഫ് റെയിലുകൾ, റിയർ കോംപ് ലാംപ് തുടങ്ങി നിരവധി രൂപമാറ്റം വിക്രോസിൽ വരുത്തിയിട്ടുണ്ട്. വാഹനത്തിന്റെ എല്ലാ മാനുവൽ വേരിയന്റുകളിലും സുരക്ഷാഫീച്ചറുകളായ ട്രാക്ഷൻ കൺട്രോൾ സിസ്റ്റം, ഇലക്ട്രോണിക് സ്റ്റെബിലിറ്റി കൺട്രോൾ, ഹിൽ ഡിസന്റ് കൺട്രോൾ, ഹിൽ സ്റ്റാർട്ട് അസിസ്റ്റ് എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. പിൻസീറ്റിൽ ആളുണ്ടെന്ന് തിരിച്ചറിയുന്ന സെൻസർ,പിന്നിലെ 3 സീറ്റുകളിലും പ്രത്യേക 3പോയിന്റ് സീറ്റ് ബെൽറ്റുകൾ, ഡാഷ്ബോർഡിൽ സീറ്റ്ബെൽറ്റ് വാണിംഗ് തുടങ്ങി നിലവിൽ ലഭ്യമായ എല്ലാ ആക്റ്റീവ് സേഫ്റ്റി ഫീച്ചറുകളും ഇസുസുവിന്റെ പിക്കപ്പ് ശ്രേണിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ഡിസൈനിലും പ്രകടനത്തിലും ശേഷിയിലും ഗുണമേന്മയിലും സുരക്ഷയിലും ഡ്രൈവിംഗ് സുഖത്തിലും ഏറ്റവും മുന്നിൽ നിൽക്കുന്ന പിക്കപ്പ് വാഹനങ്ങളായിരിക്കും പുതിയ ശ്രേണിയിലുള്ളതെന്ന് ഇസുസു മോട്ടോർസ് ഇന്ത്യയുടെ ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ ടോറു കിഷിമോട്ടോ പറഞ്ഞു. ഇസുസു ഹൈലാൻഡറിന് 21,19,900 രൂപ മുതലും വി ക്രോസ് സി പ്രസ്റ്റീജ് 26,91,700 രൂപ മുതലുമാണ് എക്സ്ഷോറൂം വില. ബുക്കിംഗ് ആരംഭിച്ചു.

# അതിനൂതന എക്സിമർ ലേസർ ആഞ്ചിയോപ്ലാസ്റ്റിയുമായി ആസ്റ്റർ മെഡ്സിറ്റി




**കൊച്ചി:** ഹൃദ്രോഗചികിത്സയിലെ നൂതനസംവിധാനമായ എക്സിമർ ലേസർ ആഞ്ചിയോപ്ലാസ്റ്റി സജ്ജമാക്കി ആസ്റ്റർ മെഡ്സിറ്റി. ഹൃദയധമനികളിലും അനുബന്ധ രക്തക്കുഴലുകളിലും അടിഞ്ഞുകൂടുന്ന രക്തക്കട്ടകളെ നീക്കം ചെയ്യുന്നതിനുള്ള ഏറ്റവും സമഗ്രവും വിപ്ലവകരവുമായ സാങ്കേതികവിദ്യയാണ് പി.എൽ.എസ് എക്സിമർ ലേസർ സിസ്റ്റത്തിന്റേത്. സങ്കീർണമായ ഹൃദ്രോഗങ്ങൾ നേരിടുന്നവർക്ക് ഉപകാരപ്രദമായിരിക്കും ഈ സംവിധാനമെന്ന് ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

നിരവധി ചികിത്സാസൗകര്യങ്ങൾ മുന്നോട്ടുവെയ്ക്കുന്ന ലേസർ സംവിധാനമാണ് പിഎൽഎസ് എക്സിമർ ലേസർ സിസ്റ്റം. പ്രത്യേകം രൂപവത്കരിച്ചിട്ടുള്ള ഇ.എൽ.സി.എ കത്തീറ്റർ ഉപയോഗിച്ച് രക്തപ്രവാഹം തടസപ്പെടുന്നത് എവിടെയെന്ന് കണ്ടെത്താനും, ശേഷം അടഞ്ഞുകിടക്കുന്ന രക്തക്കുഴലുകൾ തുറക്കാനും, ഉള്ളിൽ പരിക്കുകൾ ഉണ്ടെങ്കിൽ ആ ഭാഗത്ത് ആവശ്യമായ രീതിയിൽ മാറ്റങ്ങൾ വരുത്താനും ഈ സംവിധാനത്തിന് കഴിയും. രക്തക്കുഴലിൽ തടസങ്ങൾ നീക്കുന്നതിന് തീർത്തും സുരക്ഷിതവും ഫലപ്രദവുമാണെന്ന് ക്ലിനിക്കൽ തെളിവുകൾ സഹിതം തെളിയിക്കപ്പെട്ടിട്ടുള്ള മാർഗമാണിത്.ഗുരുതരമായ രക്തക്കട്ടകൾ, ക്ഷതങ്ങൾ എന്നിവ പരിഹരിക്കുന്നതിന് മികച്ച ഫലപ്രാപ്തി നൽകുന്ന സംവിധാനമാണ് എക്സിമർ ലേസർ തെറാപ്പിയെന്ന് കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെ സീനിയർ കൺസൾട്ടന്റ്, കാർഡിയോളജിസ്റ്റ് ഡോ. അനിൽ കുമാർ ആർ പറഞ്ഞു. ആഞ്ചിയോപ്ലാസ്റ്റി ചെയ്യുന്ന സമയത്ത് ഉള്ളിൽ കടത്തിവിടുന്ന ബലൂൺ വീർക്കാതെ വരുന്ന ഘട്ടങ്ങളിലെ പ്രതിസന്ധി ഒഴിവാക്കാൻ ഇത് സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.സങ്കീർണമായ സാഹചര്യങ്ങളിൽപ്പോലും മികച്ച വിജയസാധ്യത നൽകുന്നു എന്നതാണ് ഈ സാങ്കേതികവിദ്യയുടെ സവിശേഷത. വലിപ്പമേറിയ രക്തക്കട്ടകൾ പോലും നീക്കി മറ്റ് ഉപകരണങ്ങളുടെ സഹായമില്ലാതെ തന്നെ രക്തയോട്ടം പൂർണമായും പുനഃസ്ഥാപിക്കാൻ ഇത് സഹായിക്കുന്നു. ഒരിക്കൽ സ്റ്റെന്റ് ഇട്ട ഭാഗം വീണ്ടും ചുരുങ്ങുന്നത് തടയുന്നു. അങ്ങനെ വീണ്ടും സ്റ്റെന്റ് ഇടേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നു.

ഗുരുതരമാംവിധം ഹൃദയപേശികളിലേക്കുള്ള രക്തയോട്ടം നിലയ്ക്കുന്ന ഘട്ടങ്ങളിലും ഹൃദയാഘാതത്തിന്റെ മറ്റ് സാഹചര്യങ്ങളിലും നിർണായകമായ ജീവൻ രക്ഷാ ഉപാധിയായി മാറാൻ ഈ സംവിധാനത്തിന് കഴിയും. ഓപ്പറേഷന് പകരം ഞരമ്പുകളിലൂടെ കുഴൽകടത്തിവിട്ട് കൃത്യമായ ഇടത്ത് സ്റ്റെന്റുകൾ സ്ഥാപിക്കാനും ലേസർ ആഞ്ചിയോപ്ലാസ്റ്റി പ്രയോജനപ്പെടുത്താം. സ്റ്റെന്റുകൾ വേണ്ടവിധം വീർത്തുവരാത്ത ഘട്ടങ്ങളിലും കാൽസ്യം അടിഞ്ഞ് തടസങ്ങൾ രൂപപ്പെടുമ്പോഴും ഞരമ്പുകളിൽ കാര്യമായ ക്ഷതമേൽക്കാറുണ്ട്. ഇത്തരം വെല്ലുവിളികൾ ഉണ്ടാകുമ്പോൾ ധമനികൾക്കുള്ളിൽ വയറുകൾ കടത്തിവിട്ടുള്ള ചികിത്സ അത്ര നല്ലതല്ല. എന്നാൽ ലേസർ സാങ്കേതികവിദ്യ ഉപയോഗിച്ച് അവയെ തരണം ചെയ്യാനാകും. ഹൃദയധമനികൾക്ക് പുറമെ മറ്റ് അനുബന്ധഞരമ്പുകളിലെ തടസങ്ങൾ നീക്കാനും ഈ രീതി ഉപയോഗിക്കാം. മുൻപ് സ്ഥാപിച്ചിട്ടുള്ള പെയ്സ്മേക്കർ അവശിഷ്ടങ്ങൾ നീക്കം ചെയ്യാനും ലേസർ സാങ്കേതികത സഹായിക്കും.308 നാനോമീറ്റർ തരംഗദൈർഘ്യമുള്ള കിരണങ്ങങ്ങളാണ് എക്സിമർ ലേസർ കടത്തിവിടുന്നത്. ഇതുപയോഗിച്ച് ഹൃദയധമനികളിലെ തടസ്സങ്ങളെ തകർക്കാനും ഉരുക്കിക്കളയാനും നീക്കം ചെയ്യാനും കഴിയും. സമീപത്തുള്ള മറ്റ് കോശങ്ങൾക്ക് ഉണ്ടായേക്കാവുന്ന തകരാർ പരമാവധി കുറച്ച്, കൂടുതൽ ഫലപ്രാപ്തി ഉറപ്പുനൽകുന്നു.

ധമനിക്കുള്ളിലേക്ക് കടത്തിവിടുന്ന കത്തീറ്ററിൽ നിന്നാണ് ശക്തിയേറിയ ലേസർ കിരണങ്ങൾ ഉണ്ടാക്കുന്നത്. ഈ കിരണങ്ങൾ അത് കടന്നുപോകുന്ന വഴിയിലുള്ള തടസ്സങ്ങളെ നീക്കുന്നു. സാധാരണഗതിയിൽ ഇതിന് ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ വേണ്ടിവരാറുണ്ട്. എന്നാൽ ലേസർ സാങ്കേതികവിദ്യ മിക്ക രോഗികളിലും അത്തരം വെല്ലുവിളികൾ ഒഴിവാക്കുന്നു.

അങ്ങനെ രോഗിയുടെ ജീവിതനിലവാരം ഉയർത്തിപ്പിടിക്കുകയും നടപടിക്രമങ്ങൾ പൂർത്തിയായാൽ 24 മണിക്കൂറിനുള്ളിൽ വീട്ടിലേക്ക് മടങ്ങാനുള്ള സാഹചര്യമൊരുക്കുകയും ചെയ്യുന്നു.എക്സിമർ ലേസർ സിസ്റ്റത്തിന്റെ ഏറ്റവും പുതിയ രൂപമാണ് ആസ്റ്റർ മെഡ്സിറ്റിയിൽ സ്ഥാപിച്ചിട്ടുള്ളതെന്ന് ആസ്റ്റർ മെഡ്സിറ്റിയിലെ സീനിയർ കൺസൾട്ടന്റ്, കാർഡിയോളജിസ്റ്റ് ഡോ. രാജശേഖർ വർമ്മ പറഞ്ഞു.കൃത്യമായ ചികിത്സയ്ക്കൊപ്പം ഉടൻ തന്നെ ആശുപത്രി വിടാനുള്ള അവസരവും ഈ സംവിധാനം രോഗികൾക്ക് നൽകുന്നുണ്ടെന്ന് സീനിയർ കൺസൾട്ടന്റ് കാർഡിയോളജിസ്റ്റ് ഡോ. രാജീവ് സി വ്യക്തമാക്കി. കൺസൾട്ടന്റ് ഡോ. ആർ സന്ദീപും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## ഭവൻസ് നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ് ആറു മുതൽ

**കൊച്ചി:** ഭവൻസ് സെക്കൻഡറി, സീനിയർ സെക്കൻഡറി സ്കൂളുകളുടെ പന്ത്രണ്ടാമത് ദേശീയ ഇന്റഗ്രേഷൻ ക്യാമ്പിന് മെയ് 6 ന് എരൂർ ഭവൻസ് വിദ്യ മന്ദിറിൽ തുടക്കമാകും. രാവിലെ 9 മണിക്ക് നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ ഭാരതീയ വിദ്യാഭവൻ മുംബൈ ട്രസ്റ്റിയും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവുമായ ഡോ. ദിനേശ് കെ ദഫ്റ്റേരി മുഖ്യാതിഥിയാകും. കൊച്ചി ഭാരതീയ വിദ്യാഭവൻ ചെയർമാൻ വേണുഗോപാൽ സി ഗോവിന്ദ് അധ്യക്ഷത വഹിക്കും. ഭാരതീയ വിദ്യാഭവൻ ഡയറക്ടർ ഇ.രാമൻകുട്ടി ആമുഖ പ്രഭാഷണം നടത്തും. അക്കാദമിക് സൂപ്പർവൈസർ എസ് .സുനിത ആശംസ പ്രസംഗം നടത്തും. ക്യാമ്പ് ഡയറക്ടറും ഭവൻസ് ഏരൂർ പ്രിൻസിപ്പാളുമായ ഇ. പാർവതി, വൈസ് പ്രിൻസിപ്പാൾ ഇന്ദ്രാണി ഹരിദാസൻ എന്നിവരുടെ നേതൃത്വത്തിലാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. വിവിധ സെഷനുകളിൽ പ്രശസ്ത വ്യക്തികൾ ക്ളാസുകൾ നയിക്കും.വിവിധ സംസ്ഥാനങ്ങളിലെ 59 വിദ്യാലയങ്ങളിൽ നിന്നായി 352 വിദ്യാർഥികളും 71 അധ്യാപകരും ക്യാമ്പിൽ പങ്കെടുക്കും. മെയ് 11 നു രാവിലെ പതിനൊന്ന് മണിക്ക് നടക്കുന്ന സമാപന ചടങ്ങിൽ ഭവൻസ് കൊച്ചി ഡെപ്യൂട്ടി ഡയറക്ടർ കെ. സുരേഷ് സമാപന പ്രസംഗം നടത്തും. സർട്ടിഫിക്കറ്റുകൾ ചടങ്ങിൽ വിതരണം ചെയ്യും.

## ആധാർ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് ഐപിഒ മെയ് 8 മുതൽ

**കൊച്ചി:** ആധാർ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിൻറെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) മെയ് 8 മുതൽ 10 വരെ നടക്കും. 1,000 കോടി കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 2,000 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.10 രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 300 രൂപ മുതൽ 315 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 47 ഇക്വിറ്റി ഓഹരികൾക്കും തുർന്ന് 47ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം.

## സൗത്ത് ഇന്ത്യൻ ബാങ്കിന് 1070.08 കോടി രൂപ റെക്കോർഡ് അറ്റാദായം

**കൊച്ചി:** മാർച്ച് 31ന് അവസാനിച്ച 20232024 സാമ്പത്തിക വർഷത്തിൽ സൗത്ത് ഇന്ത്യൻ ബാങ്ക് (എസ്ഐബി) എക്കാലത്തേയും ഉയർന്ന ലാഭം നേടി ചരിത്രം സൃഷ്ടിച്ചു. 1070.08 കോടി രൂപയാണ് അറ്റാദായം. മുൻ വർഷത്തെ അപേക്ഷിച്ച് 38.06 ശതമാനത്തിന്റെ വർധനയാണ് രേഖപ്പെടുത്തിയത്. ലാഭത്തിനു പുറമെ ബിസിനസ്, പലിശ വരുമാനം, ആസ്തി വരുമാനം തുടങ്ങി എല്ലാ വിഭാഗങ്ങളിലും ബാങ്കിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന വളർച്ചയാണ് ഈ കാലയളവിൽ കൈവരിച്ചത്.

ഓഹരി ഉടമകളുടെ അനുമതിക്ക് വിധേയമായി 30 ശതമാനം ലാഭവിഹിതം വിതരണം ചെയ്യാൻ ഡയറക്ടർ ബോർഡ് ശുപാർശ ചെയ്തു. മൊത്തം ബിസിനസ് എക്കാലത്തേയും ഉയർന്ന നേട്ടമായ 1,82,346 കോടി രൂപയിലെത്തി. അറ്റ പലിശ വരുമാനമായ 3,332.06 കോടി രൂപയും, 19.91 ശതമാനം മൂലധന പര്യാപ്തതാ അനുപാതവും, 79.10 ശതമാനം നീക്കിയിരുപ്പ് അനുപാതവും (എഴുതിത്തള്ളൽ ഉൾപ്പെടെ) ബാങ്കിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ നേട്ടങ്ങളാണ്. 3.31 ശതമാനം അറ്റ പലിശ മാർജിൻ 18 വർഷത്തെ ഏറ്റവും ഉയർന്ന നിരക്കാണ്. 0.91 ശതമാനം ആസ്തി വരുമാന അനുപാതവും 12.13 ശതമാനം ഓഹരി വരുമാന അനുപാതവും കഴിഞ്ഞ പത്ത് വർഷത്തെ ഏറ്റവും ഉയർന്ന നിരക്കാണ്.പ്രവർത്തന ലാഭത്തിൽ 23.91 ശതമാനമാണ് വാർഷിക വർധന. ഇത് മുൻവർഷത്തെ 1,507.33 കോടി രൂപയിൽ നിന്നും 202324 സാമ്പത്തിക വർഷത്തിൽ 1,867.67 കോടി രൂപയിലെത്തി. മൊത്ത നിഷ്ക്രിയ ആസ്തി 64 പോയിന്റുകൾ കുറഞ്ഞ് 5.14 ശതമാനത്തിൽ നിന്ന് 4.50 ശതമാനമായും, അറ്റ നിഷ്ക്രിയ ആസ്തി 40 പോയിന്റുകൾ കുറഞ്ഞ് 1.86 ശതമാനത്തിൽ നിന്ന് 1.46 ശതമാനമായും നിലവാരം മെച്ചപ്പെടുത്തി. കാസ (കറന്റ് അക്കൗണ്ട് ആന്റ് സേവിങ്സ് അക്കൗണ്ട്) 8.16 ശതമാനം വാർഷിക വളർച്ച നേടി. റീട്ടെയ്ൽ നിക്ഷേപങ്ങൾ 89,615 കോടി രൂപയിൽ നിന്നും 97,743 കോടി രൂപയായി വർധിച്ചു.

9.07 ശതമാനത്തോടെ 8,128 കോടി രൂപയുടെ വളർച്ചയാണ് രേഖപ്പെടുത്തിയത്. എൻആർഐ നിക്ഷേപങ്ങൾ 28,159 കോടി രൂപയിൽ നിന്നും 29,697 കോടി രൂപയായി വർധിച്ചു 5.46 ശതമാനത്തോടെ 1,538 കോടി രൂപയുടെ വളർച്ചയും നേടി. മൊത്തം വായ്പകൾ 72,092 കോടി രൂപയിൽനിന്നും 80,426 കോടി രൂപയിലെത്തി. 11.56 ശതമാനം വളർച്ചയോടെ 8,334 കോടി രൂപയുടെ വർധനവാണ് രേഖപ്പെടുത്തിയത്. കോർപറേറ്റ് വായ്പകൾ 8,561 കോടി രൂപ വർധിച്ച് 32,084 കോടി രൂപയിലെത്തി. ഇവയിൽ എ റേറ്റിങ്ങും അതിനു മുകളിലുമുള്ള അക്കൗണ്ടുകളുടെ വിഹിതം 98 ശതമാനമായി വർധിച്ചു. വ്യക്തിഗത വായ്പകൾ 25.33 ശതമാനവും സ്വർണ വായ്പകൾ 12.35 ശതമാനവും വർധിച്ചു. 4.25 ലക്ഷത്തിലേറെ ക്രെഡിറ്റ് കാർഡുകൾ ഇഷ്യൂ ചെയ്തതിലൂടെ 1,620 കോടി രൂപയുടെ വായ്പയും വിതരണം ചെയ്തു. കോർപ്പറേറ്റ്, എസ്എംഇ, ഓട്ടോ ലോൺ, ക്രെഡിറ്റ് കാർഡ്, പേഴ്സണൽ ലോൺ, ഗോൾഡ് ലോൺ തുടങ്ങി എല്ലാ മേഖലയിലും മികച്ച വളർച്ചയാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് എംഡിയും സിഇഒയുമായ പി ആർ ശേഷാദ്രി പറഞ്ഞു.




# കേരള പവർ ടൂൾസ് ട്രേഡേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനവും, മെഗാ എക്സ്പോയും

**കൊച്ചി:** കേരളത്തിലെ 14 ജില്ലകളിലെയും പവർ ടൂൾസ്ഹാൻഡ് ടൂൾസ് വ്യാപാരികളെ ഉൾക്കൊള്ളുന്ന കേരള പവർ ടൂൾ ട്രേഡേഴ്സ് അസോസിയേഷന്റെ പ്രഥമ സംസ്ഥാന സമ്മേളനത്തിന് മെയ് 5ന് സീപോർട്ട്എയർപോർട്ട് റോഡിലെ കാക്കനാട് ചിറ്റിലപ്പിള്ളി സ്ക്വയർ കൺവെൻഷൻ സെന്റർ വേദിയാകും.

സമ്മേളനത്തോടനുബന്ധിച്ച് ഒരുക്കുന്ന മേഗാ എക്സ്പോയിൽ പവർ ടൂൾസ് രംഗത്തെ ഇന്ത്യയിലെ മുൻനിര കമ്പനികൾ പങ്കെടുക്കും. സംസ്ഥാന സേമ്മളനവും, മെഗാ എക്സ്പോയും മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. എറണാകുളം എംപി ഹൈബി ഈഡനും, ഉമാ തോമസ് എംഎൽഎയും ചടങ്ങിൽ മുഖ്യാതിഥികളായി പങ്കെടുക്കും. കേരളത്തിലെ പവർ ടൂൾസ് വ്യാപാര മേഖല നേരിടുന്ന പ്രതിസന്ധികളെയും, വെല്ലുവിളികളെയും കുറിച്ചും, സർക്കാർ ഈ മേഖലയിൽ നടത്തേണ്ട ഇടപെടലുകളെക്കുറിച്ചും സമ്മേളനം ചർച്ച ചെയ്യും. രാവിലെ 10 മുതൽ രാത്രി 9 വരെ വിവിധ പരിപാടികളോടെയാണ് ആയിരത്തോളം അസോസിയേഷൻ അംഗങ്ങൾ പങ്കെടുക്കുന്ന പ്രഥമ സംസ്ഥാന സമ്മേളനം സംഘടിപ്പിക്കുന്നതെന്ന് കേരള പവർ ടൂൾ ട്രേഡേഴ്സ് അസോസിയേഷൻ ഭാരവാഹികൾ കൊച്ചിയിൽ നടത്തിയ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

സമ്മേളനത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്കായി നടത്തുന്ന ലക്കി ഡ്രോയിൽ ബംബർ സമ്മാനമായ സ്കൂട്ടർ അടക്കമുള്ള നിരവധി ആകർഷകമായ സമ്മാനങ്ങൾ നേടാൻ അവസരമൊരുക്കിയിട്ടുണ്ട്. വിവിധ ബ്രാൻഡുകളുടെ പ്രൊഡക്ട് ഡിസ്പ്ലേ സ്റ്റാളുകളും, ഇംപോർട്ടഡ് ടൂൾസുകളുടെ പ്രദർശനവും മെഗാ എക്സ്പോയിലുണ്ടാവും. കേരള പവർ ടൂൾ ട്രേഡേഴ്സ് അസോസിയേഷന്റെ ജില്ല, സംസ്ഥാന ഭാരവാഹികളുടെ തിരഞ്ഞെടുപ്പും സമ്മേളനത്തിൽ നടക്കും.

ലോകമെമ്പാടുമുള്ള നൂതനമായ സാങ്കേതിക വിദ്യകളും, പവർ ടൂൾസ് രംഗത്തെ പുതിയ ചലനങ്ങളും കേരളത്തിന് പരിചയപ്പെടുത്തുന്ന മെഗാ എക്സ്പോകൾ വരും വർഷങ്ങളിലും അസോസിയേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുമെന്നും സംഘാടകർ അറിയിച്ചു. കേരള പവർ ടൂൾ ട്രേഡേഴ്സ് അസോസിയേഷൻ ചെയർമാൻ നാസിർ ഫോർച്യൂൺ, സെക്രട്ടറി ഇൻചാർജ് ഷഫീദ് മേഴ്സി പവർ ടൂൾസ്, ജോയിന്റ് സെക്രട്ടറി മനോജ് പവർ ഡീൽ, പ്രോഗ്രാം കൺവീനർ മുഹമ്മദ് സലീം ഫോർച്യൂൺ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# അസർബെയ്ജാനിലും ആഫ്രിക്കൻ രാജ്യങ്ങളിലും പോസ്റ്റ് പെയ്ഡ് റോമിംഗ് പ്ലാനുമായി വി

**കൊച്ചി:**അസർബെയ്ജാനും ആഫ്രിക്കൻ രാജ്യങ്ങളും സന്ദർശിക്കുന്ന ഇന്ത്യൻ വിനോദ സഞ്ചാരികൾക്ക് കുറഞ്ഞ നിരക്കിൽ പോസ്റ്റ് പെയ്ഡ് റോമിംഗ് പ്ലാനുകൾ അവതരിപ്പിച്ച് മുൻനിര ടെലികോം കമ്പനിയായ വി. മുൻവർഷത്തെ അപേക്ഷിച്ച് 2023ൽ അസർബെയ്ജാനിലെത്തുന്ന ഇന്ത്യക്കാരുടെ എണ്ണം ഇരട്ടിച്ച് 1,20,000ൽ എത്തിയതോടെയാണ് വി പുതിയ പ്ലാനുകൾ അവതരിപ്പിച്ചത്. 749 രൂപയിലാണ് റോമിംഗ് പോസ്റ്റ് പെയ്ഡ് പ്ലാനുകൾ ആരംഭിക്കുന്നത്.

അസർബെയ്ജാനു പുറമെ ആഫ്രിക്കൻ രാജ്യങ്ങളായ കാമറൂൺ, സുഡാൻ, റുവാണ്ട, ഐവറി കോസ്റ്റ്, ലൈബീരിയ, ഇക്വറ്റോറിയൽ ഗിനി, സ്വാസിലാൻഡ് (ഇസ്വാറ്റിനി), ദക്ഷിണ സുഡാൻ, ബെനിൻ, ഉഗാണ്ട, സാംബിയ, ഗിനി ബിസൗ എന്നിവിടങ്ങളിലും വി യുടെ റോമിംഗ് പ്ലാൻ ലഭിക്കും.24 മണിക്കൂർ കാലാവധിയുള്ള പ്ലാൻ മുതൽ 10 ദിവസം, 14 ദിവസം, 30 ദിവസം വരെയുള്ള റോമിംഗ് പ്ലാനുകളും ലഭ്യമാണ്. പ്ലാനിൻറെ കാലാവധി അവസാനിച്ചാലും ഉപഭോക്താക്കൾക്ക് അധിക തുകയിൽ നിന്നും പരിരക്ഷ നൽകുന്ന ഓൾവെയ്സ് ഓൺ ഫീച്ചറും വി അവതരിപ്പിച്ചിട്ടുണ്ട്.

ഒരു ദിവസത്തെ പ്ലാനിന് 749 രൂപയും 10 ദിവസ പ്ലാനിന് 3,999 രൂപയും 14 ദിവസ പ്ലാനിന് 4,999 രൂപയും 30 ദിവസത്തെ പ്ലാനിന് 5,999 രൂപയുമാണ് നിരക്ക്. യഥാക്രമം 100 എംബി, 2ജിബി, 2ജിബി, 5 ജിബി ഡാറ്റയും കോളും എസ്.എം.എസും പ്ലാനിനൊപ്പം ലഭിക്കും.കൂടുതൽ രാജ്യങ്ങൾ കൂടി പട്ടികയിൽ ഉൾപ്പെട്ടതോടെ ഇന്ന് ലോകത്തെ 117 രാജ്യങ്ങളിൽ വി യുടെ അന്താരാഷ്ട്ര റോമിംഗ് പാക്കേജുകൾ ലഭ്യമാണ്. പ്ലാനുകളെ കുറിച്ചുള്ള വിശദ വിവരങ്ങൾ വി ആപ്പിലൂടെയോ https://www.myvi.in/internationalroamingpacks എന്ന വെബ്സൈറ്റിലൂടെയോ അറിയാം.




# ആൽഫ പാലിയേറ്റീവ് കെയർ രണ്ടാംഘട്ട ശിൽപ്പശാല സംഘടിപ്പിച്ചു



**നെയ്യാറ്റിൻകര:** സാധാരണ ജീവിതത്തിലേക്ക് തിരിച്ചുവരാനാകാത്ത തരത്തിൽ രോഗങ്ങൾ ബാധിച്ചവർക്ക് സംസ്ഥാനം മുഴുവൻ കാര്യക്ഷമമായ പാലിയേറ്റീവ് കെയർ സേവന ശൃംഖലകൾ സ്ഥാപിക്കാനും വേദനയും ദുരിതവുമില്ലാത്ത കേരളം എന്ന സ്വപ്ന പദ്ധതി നടപ്പാക്കുന്നതിനുമായി രാജ്യത്തെ പ്രമുഖ പാലിയേറ്റീവ് കെയർ ശൃംഖലയായ ആൽഫ പാലിയേറ്റീവ് കെയറിന്റെ രണ്ടാംഘട്ട ശിൽപ്പശാലകൾക്ക് തുടക്കമായി. ആദ്യ ശിൽപ്പശാല നെയ്യാറ്റിൻകര വ്ളാങ്ങമുറി സി.എസ്.ഐ. ചർച്ച് പാരിഷ് ഹാളിൽ നെയ്യാറ്റിൻകര മുനിസിപ്പൽ ചെയർമാൻ പി.കെ.രാജ്മോഹൻ ഉദ്ഘാടനം ചെയ്തു.

ആൽഫ പാലിയേറ്റീവ് കെയർ ചെയർമാൻ കെ.എം.നൂർദീൻ അധ്യക്ഷത വഹിച്ച യോഗത്തിൽ മുനിസിപ്പൽ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ജോസ് ഫ്രാങ്ക്ളിൻ, കൗൺസിലർ പ്രസന്നകുമാർ, ആൽഫ ഓവർസീസ് കൗൺസിൽ പ്രതിനിധി വിഷ്ണു സുധാകരൻ, പാലിയേറ്റീവ് കെയർ നഴ്സ് അനുമോൾ തുടങ്ങിയവർ പ്രസംഗിച്ചു. ആൽഫ പാലിയേറ്റീവ് കെയർ കമ്യൂണിറ്റി ഡയറക്ടർ സുരേഷ് ശ്രീധരൻ ആമുഖപ്രഭാഷണം നടത്തി. വിഷൻ 2030 തിരുവനന്തപുരം ജില്ലാ ഡയറക്ടർ പുളിമൂട്ടിൽ ഉണ്ണി സ്വാഗതവും സ്റ്റേറ്റ് കോ ഓർഡിനേറ്റർ അംജിത്കുമാർ നന്ദിയും പറഞ്ഞു.പാലിയേറ്റീവ് കെയർ വെല്ലുവിളികളും പരിഹാരങ്ങളും എന്ന വിഷയം ആൽഫ ചെയർമാൻ കെ.എം.നൂർദീൻ അവതരിപ്പിച്ചു.

തുടർന്ന് ചർച്ചയും കമ്മിറ്റീ രൂപീകരണവും നടന്നു. നെയ്യാറ്റിൻകര കേന്ദ്രീകരിച്ച് സമീപപ്രദേശങ്ങളിലെ ഗ്രാമപഞ്ചായത്തുകളെകൂടി ഉൾപ്പെടുത്തി പുതിയ ലിങ്ക് സെന്റർ തുടങ്ങുന്നതിനായി ബാലഗംഗാധരൻ പ്രസിഡന്റ്, പാട്രിക് ജെ സെക്രട്ടറി, വിജി വി. മാമ്പുഴക്കര ട്രഷറർ എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റിക്കാണ് രൂപം നൽകിയത്.2030നു മുമ്പ് കേരളത്തിലെ എല്ലാ ജില്ലകളിലും ജനകീയ ഉടമസ്ഥതയിലുള്ള ലിങ്ക് സെന്ററുകളും ഹോസ്പീസുകളും സ്ഥാപിച്ച് അനാവശ്യമായി വേദനകളനുഭവിക്കാത്ത കേരള സമൂഹത്തിനായുള്ള ആൽഫ പാലിയേറ്റീവ് കെയറിന്റെ പദ്ധതിയാണ് വിഷൻ 2030.